**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3194** **25-10-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ അഡ്മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റിന് അപേക്ഷിച്ചവരുടെ എണ്ണം, അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം, ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ; | (എ) | 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ രണ്ടാമത്തെ അലോട്ട്മെന്റിലെ പ്രവേശന നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. നിലവിലെ സ്ഥിതി വിവര കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്ക് പുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 പേരുമുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 4,25,730 മാത്രമാണ്. രണ്ടാമത്തെ അലോട്ട്മെന്റിൽ 269533 അപേക്ഷകർക്ക് അലോട്ട്മെന്റ് ലഭിച്ചു. അതിൽ 69642 വിദ്യാർത്ഥികൾക്ക് പുതിയതായി അലോട്ട്മെന്റ് ലഭിച്ചപ്പോൾ 44707 വിദ്യാർത്ഥികൾക്ക് അവരുടെ ഉയർന്ന ഓപ്ഷനുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവേശന തോതനുസരിച്ചാകെ 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം തേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവേശന തോതനുസരിച്ചാണെങ്കിൽ പ്രവേശനം ലഭിക്കുന്നതിനായി രണ്ടാമത്തെ അലോട്ട്മെന്റിനു ശേഷം സംസ്ഥാനത്ത് ആകെ 85316 അപേക്ഷകർ മാത്രമാണ് ശേഷിക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ആകെ അപേക്ഷിച്ചവരുടെ എണ്ണം-48220 മൂന്നാം ഘട്ട അലോട്ട്മെന്റ് വരെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം-27331 (വി.എച്ച്.എസ്.ഇ.യ്ക്ക് 3 അലോട്ട്മെന്റുകൾ ഉണ്ട്) അപേക്ഷകരിൽ ഇനിയും അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം-7572 (അലോട്ട്മെന്റ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ, ടി.സി.വാങ്ങിയവർ എന്നി വർ ഒഴികെ) |
| (ബി) | മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയിട്ടും | (ബി) | മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തിയാകുന്ന 2021 |

| | | | |
|---|---|---|---|
| | അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ എത്രയെന്ന് വ്യക്തമാക്കുമോ? | | ഒക്ടോബർ 23 ന് മാത്രമേ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ അഡ്മിഷൻ ലഭിക്കാത്ത 73 കുട്ടികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ